IV സബ്മിഷൻ

(1) ശ്രീ. കെ. അനിരുദ്ധന്റെ—വട്ടിയൂർക്കാവ് പോളിടെക്നിക്കിലെ പ്രിൻസിപ്പലിനെക്കുറിച്ച്

ശ്രീ. കെ. അനിരുദ്ധൻ: സർ, ഇവിടെ വിദ്യാഭ്യാസ വകുപ്പിനെക്കുറിച്ചുള്ള ചർച്ചയിൽ ശ്രീ. കരുണാകരൻ ചില കാര്യങ്ങൾ പരാമർശിക്കുകയുണ്ടായി. പ്രധാനമായും വട്ടിയൂർക്കാവ് പോളിടെക്നിക്കിനെക്കുറിച്ചു പറഞ്ഞു. അവിടെ കഴിഞ്ഞ ഒന്നു രണ്ടു കൊല്ലമായി ജനാധിപത്യ വിരുദ്ധമായ, തൊഴായ, ഒരിക്കലും ചെയ്തുകൂടാത്ത, സാമൂഹ്യ അനീതികൾ നടക്കുന്നു. അവിടെ ഒരു പ്രിൻസിപ്പൽ വന്നശേഷം പ്രത്യേകിച്ചും കഴിഞ്ഞ രണ്ടുമൂന്നു കൊല്ലമായി അവിടെ നടന്നുകൊണ്ടിരുന്ന ഒരു തിരഞ്ഞെടുപ്പു പരിപാടി നിറുത്തി ആ ബോഡി അതിന്റെ വാർഷിക മീറ്റിംഗ് നടന്നുകൊണ്ടിരിക്കുമ്പോൾതന്നെ അദ്ദേഹം പിരിച്ചു വിടുകയും ചെയ്തു. വിദ്യാർത്ഥികളെ പലരേയും പുറത്താക്കുകയും ക്ലാസുകളിൽനിന്നു വെളിയിലാക്കുകയും ചെയ്തു. സെഷണൽ മാർക്കുവച്ച് അവരെ ക്ലാസിൽ പോകാൻ സമ്മതിക്കാതിരിക്കുന്നു. ആ വിവരം വിശദമായി ഇവിടെ ചർച്ച ചെയ്തതുകൊണ്ട്, കൂടുതൽ ചർച്ച ആവശ്യമില്ലാത്തതുകൊണ്ട് ഞാൻ അതിലേക്കു കടക്കുന്നില്ല. ഈവക കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന് ന്യായമായി, മര്യാദയായി നമ്മുടെ നാട്ടിലെ ക്രമത്തിനു യോജിച്ച രീതിയിൽ പരിഹാരം കാണണമെന്ന് അഭ്യർത്ഥിക്കുകയും ചെയ്യുന്നു.

വിദ്യാഭ്യാസ വകുപ്പു മന്ത്രി (ശ്രീ. സി. എച്ച്. മുഹമ്മദ് കോയ): സർ, സബ്മിഷനു നോട്ടീസില്ലാത്തതുകൊണ്ട് എനിക്കു മറുപടി പറയാൻ സാദ്ധ്യമല്ല.

വട്ടിയൂർക്കാവ് പോളിടെക്നിക് പ്രിൻസിപ്പാളും ക്ലാർക്കുമാരും ചില വിദ്യാർത്ഥികളും തമ്മിൽ ചില കുഴപ്പങ്ങൾ ഉണ്ടായതായി ഗവൺമെന്റിനറിയാം. അത് അന്വേഷിച്ച് വേണ്ട നടപടികളും കൈക്കൊള്ളുന്നതാണ്.

(2) ശ്രീ. കെ. വി. കുര്യന്റെ—ഡീസലിന്റെ ക്ഷാമത്തെ സംബന്ധിച്ച്

ശ്രീ. കെ. വി. കുര്യൻ: സർ, എന്റെ സബ്മിഷൻ ഇതാണ്: ഈ സംസ്ഥാനത്ത് ഡീസലിന്റെ ക്ഷാമം വളരെ രൂക്ഷമായിരിക്കുകയാണ്. ഇതു നമ്മുടെ സംസ്ഥാനത്തിന്റെ സാമ്പത്തിക ഘടനയെതന്നെ ബാധിക്കുമെന്നാണ് എനിക്കു തോന്നുന്നത്. ചരക്കുഗതാഗതവും ബസ്സു ഗതാഗതവും തടസ്സപ്പെട്ടാൽ വളരെയധികം ബുദ്ധിമുട്ടുണ്ടാകും. നിത്യോപയോഗസാധനങ്ങൾക്കും കൃഷ്യുസാധനങ്ങൾക്കും വില കൂടാനും കാർഷികോൽപ്പന്നങ്ങൾക്കു വില കുറയാനും ഇടയാകും. വലിയ പ്രതിസന്ധികളുണ്ടാകും. അതുകൊണ്ട് ഇക്കാര്യത്തിൽ ഗവൺമെന്റ് അടിയന്തിരമായി ശ്രദ്ധിക്കണം. ഡീസലിന്റെ ഉപയോഗം കുറയ്ക്കണമെന്ന് പ്രധാനമന്ത്രി മുഖ്യമന്ത്രിമാരോടു പറഞ്ഞതായി പത്രത്തിൽ കാണുകയുണ്ടായി. ഇതു ഗുരുതരമായ പ്രശ്നം സൃഷ്ടിക്കും. അതു മനസ്സിലാക്കി ഗവൺമെന്റ് ചെയ്യാനുള്ള കാര്യങ്ങൾ ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

കൃഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി

(ശ്രീ. ടി. എസ്. ജോൺ):

സർ, ഇറാനിലുണ്ടായിട്ടുള്ള ചില രാഷ്ട്രീയ സാഹചര്യങ്ങളുടെ മൂലം ഭാരതത്തിനു കരാറനുസരിച്ച് തരാമെന്നേറ്റിരുന്ന ക്രൂഡ് ഓയിൽ ഇന്ന് ലഭിക്കുന്നില്ല എന്നുള്ള വസ്തുത നമ്മുടെ രാജ്യത്ത് ജനങ്ങളെല്ലാം അറിഞ്ഞു കാണും. ഇതിന്റെ ഫലമായി ഭാരതത്തിലൊട്ടാകെ ഇപ്പോൾ പെട്രോൾ ഉൽപ്പന്നങ്ങൾക്കു ക്ഷാമം നേരിട്ടിരിക്കുകയാണ്. വടക്കേഇൻഡ്യൻ സംസ്ഥാനങ്ങളിൽ കഴിഞ്ഞ ഒന്നു രണ്ടു മാസക്കാലമായി വലിയ ക്ഷാമം നേരിട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞ ഒരാഴ്ചയായി നമ്മുടെ സംസ്ഥാനത്തു ചില പ്രദേശങ്ങളിൽ ക്ഷാമം ഉണ്ടായിട്ടുണ്ട്. എങ്കിലും പെട്രോളിന് ക്ഷാമമില്ല. ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന അലോട്ടുമെന്റിനു കുറവു വരുത്തിയില്ലെങ്കിൽ പെട്രോളിനു യാതൊരു ക്ഷാമവുമുണ്ടാവുകയില്ലെന്നു പെട്രോകെമിക്കൽസ് കോർപ്പറേഷനെ അറിയിച്ചിട്ടുണ്ട്. മണ്ണെണ്ണയ്ക്കു കഴിഞ്ഞമാസം അലോട്ടുചെയ്തിരുന്നതിന്റെ 10 ശതമാനം ഈ മാസം കുറച്ചു വരുത്തുകയാണ്. അങ്ങനെ 10 ശതമാനത്തോളം കുറവു വരുത്തിയാൽപോലും നമ്മുടെ ഗ്രാമങ്ങളിൽ മണ്ണെണ്ണ മുൻകാലങ്ങളിൽ കൊടുത്തതുപോലെ കൊടുക്കാൻ കഴിയുമെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം. വൈദ്യുതീകരിച്ച വീടുകൾക്ക് ഒന്നര ലിറ്റർ മണ്ണെണ്ണ വീതവും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് മൂന്നു ലിറ്റർ മണ്ണെണ്ണ വീതവുമാണ് ഒരു മാസം ഇപ്പോൾ കൊടുത്തുവരുന്നത്. ആ രീതിയിൽതന്നെ കൊടുക്കാൻ സംസ്ഥാനേ ഗവൺമെന്റിനു കഴിയും. എന്നാൽ കാർഡുമായി ചെല്ലുമ്പോൾ ഏതവസരത്തിലും ഒരു ടിൻ മണ്ണെണ്ണ കിട്ടുന്ന പതിവുണ്ടായിരുന്നു. അത് ഇപ്പോൾ നിറുത്തിയിട്ടുണ്ട്. മാസത്തിൽ ഒരു ടിൻ മണ്ണെണ്ണ മാത്രമേ കാർഡുമായി ചെല്ലുന്ന ആളുകൾക്ക് ലഭിക്കുകയുള്ളൂ.

മി. സ്പീക്കർ: അദ്ദേഹം ഡീസലിന്റെ കാര്യമാണ് ഉന്നയിച്ചത്.

ശ്രീ. ടി. എസ്. ജോൺ: സർ, ഞാൻ അതിലേക്കു കടക്കുകയാണ്. അതുകൊണ്ട് മണ്ണെണ്ണക്ഷാമം ഒരു കാരണവശാലും നമ്മുടെ സംസ്ഥാനത്ത് ഉണ്ടാവുകയില്ലെന്ന് സഭയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഡീസൽ 1978 ഏപ്രിൽമാസംമുതൽ ഡിസംബർമാസംവരെ നമുക്കു കിട്ടിക്കൊണ്ടിരുന്നതിൽ 15 ശതമാനത്തോളം അലോട്ടുമെന്റിൽ കുറവു വരുത്തിയിരുന്നു. ഇപ്പോൾ അലോട്ടുമെന്റിൽ വരുത്തിയിരിക്കുന്ന കുറവ് കഴിഞ്ഞ മാർച്ച് മാസത്തിൽ ലഭിച്ചുകൊണ്ടിരുന്നതിന്റെ 25 ശതമാനത്തോളമായിരിക്കുകയാണ്. അതുകൂടാതെ ഓയിൽ കമ്പനികളിൽ ഇതു ടാങ്കുകളിൽ നിറച്ചുകൊടുക്കുന്നതിനും കാലതാമസമുണ്ടായിരിക്കുന്നു. പതിനായിരം ടൺ ഡീസൽ ബംഗ്ലാദേശിലേക്കു കയറ്റി അയക്കുന്നതുമൂലം, പൈപ്പ്ലൈൻ അതിനു പ്രയോജനപ്പെടുത്തുന്നതുമൂലം ബി. പി. സി. യിലും മറ്റും നിറച്ചുകൊണ്ടിരുന്ന രീതി മാറ്റി ഒരു ഔട്ട്ലെറ്റിൽ നിന്നുമാത്രം നിറയ്ക്കുന്നതുകൊണ്ട്, ശരാശരി 100 ലോറികളിൽ ഒരു ദിവസം നിറച്ചുകൊണ്ടിരുന്ന സ്ഥാനത്ത് 50 ലോറികളിൽ മാത്രമേ ഇപ്പോൾ നിറയ്ക്കാൻ കഴിയുന്നുള്ളൂ. അതുകൊണ്ടും നമ്മുടെ സംസ്ഥാനത്ത് ക്ഷാമമുണ്ടായിട്ടുണ്ട്. അതുകൂടാതെ അയൽ സംസ്ഥാനങ്ങളായ മദ്രാസിലും കർണ്ണാടകത്തിലുമൊക്കെ വലിയ ക്ഷാമമായതുകൊണ്ട് ആ സംസ്ഥാനങ്ങളിലേക്ക് പാലക്കാട് മുതലായ പ്രദേശങ്ങളിൽ നിന്ന് വലിയ വീപ്പകളിലും മറ്റുമായി ഇപ്പോൾ ഡീസലും മറ്റും കൊണ്ടു

LIBRARY ARCHIVES Kerala Legislative Assembly

പോകുന്നുണ്ട്. ഈ മൂന്നു കാരണങ്ങൾകൊണ്ട് നമ്മുടെ സംസ്ഥാനത്തൊട്ടാകെ ഡീസലിന് അൽപ്പമായ ക്ഷാമം നേരിട്ടിട്ടുണ്ട്. ഡീസൽ ക്ഷാമം ഒഴിവാക്കുന്നതിനുവേണ്ടി, വെട്ടിക്കുറച്ച അലോട്ടുമെന്റ് എത്രയുംവേഗം തരണമെന്നാവശ്യപ്പെട്ടുകൊണ്ട് കേന്ദ്രഗവൺമെന്റിനു ടെലിഗ്രാം അയച്ചിട്ടുണ്ട്. വേണ്ട നടപടികളും സ്വീകരിക്കണമെന്നാവശ്യപ്പെട്ടിട്ടുമുണ്ട്.

മി. സ്പീക്കർ: സംക്ഷിപ്തമായി പറയണം.

ശ്രീ. ടി. എസ്. ജോൺ: അതുപോലെതന്നെ ഓയിൽ കമ്പനികളിൽ സാധാരണ നിറച്ചുകൊണ്ടിരുന്നതുപോലെ നിറച്ചുകൊടുക്കണമെന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

അനാവശ്യമായി അനധികൃതമായി ഡീസൽ ശേഖരിച്ചു വയ്ക്കുന്നതും പെട്രോളം ഉൽപ്പന്നങ്ങൾക്ക് പെട്രോളം കമ്പനികളിൽ നിശ്ചയിച്ചിട്ടുള്ള വിലയിൽ കൂടുതൽ ഈടാക്കുന്നതും മറ്റു സംസ്ഥാനങ്ങളിലേക്ക് കടത്തിക്കൊണ്ടുപോകുന്നതും തടഞ്ഞുകൊണ്ടും ശിക്ഷാർഹമാക്കിക്കൊണ്ടും ഉള്ള ഒരുത്തരവും ഇ. സി. ആക്ടനുസരിച്ച് പ്രാബല്യത്തിൽ വരുത്തുന്നതാണ്.

സംസ്ഥാന ഗവൺമെന്റ് ക്ഷാമം ഒഴിവാക്കുന്നതിനു കഴിവുള്ള എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രത്തോട് വേണ്ട അലോട്ടുമെന്റ് തരണമെന്നാവശ്യപ്പെട്ടിട്ടുണ്ട്.

പെട്രോളം ഉൽപ്പന്നങ്ങളിൽ സർക്കാരിന്റെ ഉപയോഗം 15 ശതമാനം കുറയ്ക്കണമെന്ന് പ്രധാനമന്ത്രി ആവശ്യപ്പെട്ടിട്ടുണ്ട്. ഭാരതമൊട്ടാകെ നേരിട്ടിട്ടുള്ള ഈ കെടുതി നമ്മളെ മനസ്സിലാക്കിക്കൊണ്ട് നമ്മുടെ സംസ്ഥാനത്ത് പെട്രോളം ഉൽപ്പന്നങ്ങളുടെ ചെലവ് കഴിവുള്ളിടത്തോളം കുറയ്ക്കണമെന്നുള്ള ഒരഭ്യർത്ഥന എനിക്കുനടത്താനുണ്ട്. കേന്ദ്രഗവൺമെന്റ് വെട്ടിക്കുറച്ച അലോട്ടുമെന്റ് തരുകയണെങ്കിൽ തീർച്ചയായും പെട്രോളം ക്ഷാമം അല്ലെങ്കിൽ ഡീസൽ ക്ഷാമം നമ്മുടെ സംസ്ഥാനത്തുണ്ടാവുകയില്ല എന്നു സഭയെ അറിയിക്കാൻ ഞാനാഗ്രഹിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പി. കെ. വാസുദേവൻ നായർ): സർ, ഞാൻ ഇന്ന് ഒരു അടിയന്തിര ചോദ്യത്തിന് ഉത്തരം നൽകാനുണ്ടായിരുന്നു. ആ സമയത്ത് ഞാൻ ഇവിടെ ഉണ്ടായില്ല. അതിൽ ഞാൻ നിർവ്യാജം ഖേദിക്കുകയാണ്. സാധാരണ ചോദ്യങ്ങളെല്ലാം എടുത്തുകഴിഞ്ഞിട്ട് ഒരുപതര മണിയോടടുപ്പിച്ചായിരിക്കും എടുക്കുക എന്ന തെറ്റിദ്ധാരണകൊണ്ടാണ് ഇതു സംഭവിച്ചത്. ചോദ്യത്തിനു ഞാൻ തയ്യാറായിരുന്നു. നാളെ അനുവദിക്കുമെങ്കിൽ പറയാമെന്നാഗ്രഹിക്കുന്നു.

മി. സ്പീക്കർ: സഭ അനുവദിക്കുമെങ്കിൽ നാളെ അതിനുത്തരം പറയാം.

ശ്രീ. ടി. കെ. രാമകൃഷ്ണൻ: ചോദ്യം അഡ്മിറ്റു ചെയ്യുന്ന ദിവസം മറുപടി പറയണമെന്നാണ്. അങ്ങു തീരുമാനിച്ചാൽ മതി സഭയുടെ അനുവാദം അതിലേക്കു ചോദിക്കേണ്ടതില്ല.

LIBRARY ARCHIVES Kerala Legislative Assembly